**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3684** **14-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശീയ കന്നുകാലി ഇനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സങ്കര ഇനത്തിൽപ്പെട്ട വിദേശീയ കന്നുകാലികളുടെ പ്രജനന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനാൽ സംസ്ഥാനത്ത് മെച്ചപ്പെട്ട രോഗ പ്രതിരോധ ശക്തിയും തീറ്റ കാര്യക്ഷമത അനുപാതവുമുള്ള തദ്ദേശീയ ഇനങ്ങളുടെ എണ്ണം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>2012-ലെ കന്നുകാലികളുടെ കാനേഷുമാരി പ്രകാരം നാടൻ പശുക്കളുടെ എണ്ണം 77045 ആയിരുന്നത് 2019-ൽ 82692 ആയി 7.3% നിരക്കിൽ ഉയർന്നിട്ടുണ്ട്. ഇതിൽ പശുക്കളുടെയും, പശുക്കുട്ടികളുടെയും എണ്ണം 2012-ൽ 64566 ഉണ്ടായിരുന്നത് 2019-ൽ 69552 ആയി 7.7% നിരക്കിൽ ഉയർന്നിട്ടുണ്ട്. |
| (ബി) | ഇന്ത്യൻ തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണത്തിനും ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വെച്ചൂർ,കാസർഗോഡ് കുള്ളൻ പശുക്കളെ അതെ ജനുസിൽപ്പെട്ട വിത്തുകാളകളുടെ ബീജം കൊണ്ട് കുത്തിവയ്ക്കുന്നതിനായി ഈ ജനുസിൽപ്പെട്ട വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജമാത്രകൾ, ഇവ ആവശ്യമുള്ള സംസ്ഥാനത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കെ.എൽ.ഡി ബോർഡ് വിതരണം ചെയ്യുന്നു. വെച്ചൂർ പശുക്കളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫീൽഡ് പെർഫോമൻസ് റിക്കോർഡിങ് നടപ്പിലാക്കിയിട്ടുണ്ട്. കെ.എൽ.ഡി ബോർഡ് ഇന്ത്യൻ ജനുസുകളായ വെച്ചൂർ,സഹിവാൾ കന്നുകാലികളുടെ വർഗ്ഗോദ്ധാരണ രംഗത്തെ അതിനൂതന സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപെടുത്തികൊണ്ടു അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കുന്നതിനും അതിലൂടെ കാലിവളർത്തൽ ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഭ്രൂണമാറ്റം, ഇൻവിട്രോഫെർട്ടിലൈസേഷൻ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമത കൂടിയ വെച്ചൂർ,സഹിവാൾ എന്നീ പശുക്കളെ ഉല്പാദിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എൽ.ഡി ബോർഡ് വടകര കുള്ളൻ ജനുസിന്റെ |

| | | | |
|---|---|---|---|
| | | | സെമൻ ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. 2015 മുതൽ 2021 ആഗസ്റ്റ് മാസം വരെ 1560 ബീജമാത്രകൾ കോഴിക്കോട് ജില്ലയിൽ വടകര കുള്ളൻ കൂടുതലുള്ള പ്രദേശങ്ങളിൽ 24 എ.ഐ സെന്ററുകൾ വഴി വിതരണം നടത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എ.ഐ സെന്ററുകളിൽ ഇൻഡന്റ് ചെയ്യുന്ന മുറയ്ക്ക് തന്നെ കുട്ടമ്പുഴ കുള്ളൻ ഇനങ്ങളുടെ സെമൻ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ